**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 478** **24-03-2025 - ൽ മറുപടിയ്ക്ക്**

**ബഹുനില കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. പി. ഉബൈദുള്ള , ശ്രീ. യു. എ. ലത്തീഫ്, ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കച്ചവടസ്ഥാപനങ്ങളിലും ബഹുനില കെട്ടിടങ്ങളിലും തുടർച്ചയായി അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനത്തെപ്പറ്റി പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കച്ചവടസ്ഥാപനങ്ങളും ബഹുനില കെട്ടിടങ്ങളും ഉൾപ്പെടെയുള്ള വിവിധ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചുറപ്പ് വരുത്തുന്നതിന് എല്ലാ ജില്ലയിലെയും ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എല്ലാ അഗ്നിരക്ഷാ കേന്ദ്ര ങ്ങളിൽ നിന്നും കെട്ടിടങ്ങളിൽ ആനുകാലിക പരിശോധന നടത്തുന്നുണ്ട്. അഗ്നിരക്ഷാ ക്രമീകരണങ്ങൾ യഥാവിധം പാലിക്കപ്പെടാത്ത കെട്ടിടങ്ങളിൽ സുരക്ഷാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും വിവരം ലൈസൻസിംഗ് അതോറിറ്റിയായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ മാർക്കും നൽകുന്നു. ഇക്കാര്യത്തിൽ അഗ്നിരക്ഷാ വകുപ്പിന് നേരിട്ട് നടപടി സ്വീകരിക്കാൻ നിലവിലുള്ള ഫയർഫോഴ്സ് ആക്റ്റിൽ വ്യവസ്ഥയില്ല. ഫയർഫോഴ്സ് ആക്റ്റ് പരിഷ്കരിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് അഗ്നിരക്ഷാ വകുപ്പിനെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുമോ; വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | എ)പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിന് സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക | (സി) | ഉണ്ട്. 60 മീറ്റർ ഉയരത്തിൽ വരെ രക്ഷാപ്രവർത്തനം സാധ്യമാകുന്ന 15 കോടി രൂപ വിലവരുന്ന ഏരിയൽ |

| | | | |
|---|---|---|---|
| | യന്ത്രോപകരണങ്ങൾ ലഭ്യമാക്കി അഗ്നിസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ